**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1450** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . വി .എസ്. ശിവകുമാർ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വിഭാഗം സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ അത് പരിഹരിക്കുന്നതിന് മുൻ സർക്കാർ 'അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും 'എന്ന പദ്ധതിക്ക് രൂപം നൽകിയിരുന്നോ; | (ബി) | നൽകിയിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (സി) | തീരദേശ വികസന കോർപ്പറേഷൻ മുഖേന മുൻ സർക്കാരിന്റെ കാലയളവിൽ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി. 489 ലക്ഷം രൂപയുടെ 3 ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 74 ലക്ഷം രൂപയുടെ 2 സാനിറ്റേഷൻ പ്രവർത്തനങ്ങൾ 133 ലക്ഷം രൂപയുടെ ഒരു ലൈവ്.ലിഹഡ് സപ്പോർട്ട് സെൻറർ 1045ലക്ഷം രൂപയുടെ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 95 ലക്ഷം രൂപയുടെ 4 അംഗൻവാടി നിർമ്മാണം 29.50 ലക്ഷം രൂപയുടെ കോമൺ യൂട്ടിലിറ്റി സെന്റർ കൂടാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം, സാനിറ്റേഷൻ, ഭവന അറ്റകുറ്റപ്പണി, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായുള്ള തീരമൈത്രി പദ്ധതി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സമുദ്രതീരത്ത് നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ | (ഡി) | ഉൾപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പുനരധിവസിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്ന് അറിയിക്കാമോ? | (ഇ) | മേൽ മറുപടിയുടെ അടിസ്ഥാന ത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ